# കേരളസർവകലാശാല

*Re-accredited by NAAC with A++ GRADE*

നം.പി.ആർ.127/2024 തിരുവനന്തപുരം, തീയതി: 07/06/2024

## പത്രക്കുറിപ്പ്

## കേരളസർവകലാശാലയുടെ കാര്യവട്ടം ക്യാമ്പസിലെ പഠന വകുപ്പുകളിലെ നാലുവർഷ ബിരുദ പ്രോഗ്രാമുകളിലേക്ക് അപേക്ഷ സമർപ്പിക്കുവാനുള്ള അവസാന തീയതി ജൂൺ 10 വരെ ദീർഘിപ്പിച്ചിരിക്കുന്നു

കേരളസർവകശാലയുടെ കാര്യവട്ടം ക്യാമ്പസിലെ പഠന വകുപ്പുകളിലെ നാലുവർഷ ബിരുദ പ്രോഗ്രാമുകളിലേക്ക് അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതി ജൂൺ 10 വരെ ദീർഘിപ്പിച്ചിരിക്കുന്നു.അപേക്ഷ സമർപ്പിച്ച വിദ്യാർത്ഥികളുടെ റാങ്ക് ലിസ്റ്റ് ജൂൺ 12 ന് അഡ്മിഷൻ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. അപേക്ഷകർക്ക് പ്രൊഫൈലിൽ ലോഗിൻ ചെയ്ത് റാങ്ക് ലിസ്റ്റ് പരിശോധിക്കാവുന്നതാണ്. അഡ്മിഷൻ ലഭിക്കുന്ന വിദ്യാർത്ഥികൾക്കും വെയിറ്റിംഗ് ലിസ്റ്റിൽ ഉള്ള വിദ്യാർത്ഥികൾക്കും മെമ്മോ ജൂൺ 14 ന് അതാത് വിദ്യാർത്ഥികളുടെ പ്രൊഫൈലിൽ ലഭ്യമാകുന്നതാണ്. ടി മെമ്മോ ലഭിക്കുന്ന നം.പി. ആർ.126/2024 തിരുവനന്തപുരം, തീയതി: 06/06/2024 വിദ്യാർത്ഥികൾ/അവരുടെ പ്രതിനിധികൾ, ആദ്യഘട്ടത്തിലേക്കുള്ള അഡ്മിഷനായി ജൂൺ 18 ന് (ഓപ്പൺ മെറിറ്റ്)/ജൂൺ 19 ന് (റിസർവേഷൻ കാറ്റഗറി) ടി മെമ്മോയുടെ പ്രിന്റ് ഔട്ടുമായി സർവകലാശാലയുടെ കാര്യവട്ടം ക്യാമ്പസ്സിൽ ഹാജരാകേണ്ടതാണ്.

## പരീക്ഷാഫലം

കേരളസർവകലാശാല2023 നവംബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ്‌സി. കെമിസ്ട്രി, അനലിറ്റിക്കൽ കെമിസ്ട്രി & പോളിമർ കെമിസ്ട്രി (റെഗുലർ & സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് റെഗുലർ/ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി (2021അഡ്മിഷൻ മുതൽ) വിദ്യാർത്ഥികൾwww.slcm.keralauniversity.ac.inമുഖേനയും (2020 അഡ്മിഷൻ വരെ) വിദ്യാർത്ഥികൾ www.exams.keralauniversity.ac.in മുഖേനയും 2024 ജൂൺ 16നകം ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ടതാണ്.വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല2023 നവംബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എ. സംസ്കൃതം ലാംഗേജ് ആന്റ് ലിറ്ററേച്ചർ, എം.എ. അറബിക് ലാംഗേജ് ആന്റ് ലിറ്ററേച്ചർ, എം.എ. സംസ്കൃതം സ്പെഷ്യൽ (വേദാന്ത, ന്യായ, വ്യാകരണ, സാഹിത്യ &ജ്യോതിഷ (റെഗുലർ/ സപ്ലിമെന്ററി)പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് റെഗുലർവിദ്യാർത്ഥികൾ www.slcm.keralauniversity.ac.in മുഖേനയും സപ്ലിമെന്ററി വിദ്യാർത്ഥികൾ www.exams.keralauniversity.ac.in മുഖേനയും 2024 ജൂൺ 16 നകം ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ടതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല2024ഏപ്രിലിൽ നടത്തിയ ആറാം സെമസ്റ്റർ ബി.എ. ഓണേഴ്സ് ഇൻ ഇംഗ്ലീഷ് ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യ

നിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 2024 ജൂൺ 20വരെ ഓഫ്‌ലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2023 ഒക്ടോബറിൽ നടത്തിയ നാലാം സെമസ്റ്റർ എം.എസ്‌സി. ഫിസിക്സ് വിത്ത് സ്പെഷ്യലൈസേഷൻ ഇൻ സ്പെയ്സ് ഫിസിക്സ്, എം.എസ്‌സി. ഫിസിക്സ് വിത്ത് സ്പെഷ്യലൈസേഷൻ ഇൻ നാനോ സയൻസ് എന്നീ ന്യൂജനറേഷൻ പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് 2024 ജൂൺ 15 വരെ www.slcm.keralauniversity.ac.in മുഖേന ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:** For queries helpdesk@keralauniversity.ac.in/
**website:** www.keralauniversity.ac.in

*University information is available on* **9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**